Mr. President : Order, order. That word by itself cannot be unparliamentary just as when you say "a man fell down senseless".

Mr. P. Kumaran Ezhuthassan *(Vadakkancheri):* I want to maintain the dignity of the House, more especially as it is presided over by an elected President of ours. Whether "senseless criticism" is an expression which can be used is the question.

Mr. President : Yes, I am giving the ruling. The Hon'ble Member will have the patience to hear me.

The Hon'ble Minister has explained that he meant it simply "without meaning". But when a word is used in relation to a remark made by an Hon'ble Member in the House of a Legislature, "senseless criticism" I think it is unparliamentary.

Mr. P. Govinda Menon *(Minister for Food and Education):* Sir, I withdraw it.

Mr. President : The question is whether Government be granted a sum of Rs. 39,70,697 under "42—Miscellaneous".

Mr. P. Kumaran Ezhuthssan *(Vadakkancheri) :* I oppose the demand and in doing so, I submit with all the seriousness that the occasion demands, and not descending to the levels to which a respectful friend of mine had been pleased to descend a few minutes ago.

Mr. President : The Hon'ble Member has opposed the demand. I am going to put the demand to vote.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Sir, have I not got a right of speech on my motion opposing the demand.

Mr. President : Will the Hon'ble Member resume his seat ?

Under normal conditions, the Hon'ble Member would have had a right to speak, but I am bound to put the demand to vote at the exact time.

Demand put and carried.

Mr. P. Kumaran Ezhuthassan *(Vadakkancheri) :* A Poll Sir.

Ayes

1. Mrs. T, Francis
2. Mr. Parambi Lonappen
3. ,, P. A. Mohamed Ashrof
4. ,, K. H. Sulaiman
5. Mrs. K. M. R. Menon
6. Mr. K. K. Kannan
7. ,, P. K. Dewer
8. ,, K. I. Velayudhan
9. ,, K. T. Achyuthan
10. ,, K. R. Ramakrishnan
11. ,, P. Narayana Menon
12. ,, M. I. Paul
13. ,, M. K. Raja
14. ,, P. T. Jacob
15. Mr. P. K. Paul
16. ,, V. R. Krishnan Ezhuthassan
17. ,, Puthur Achyutha Menon
18. Chowdhury Dhara Singh
19. Mr. C. S. Panicker
20. ,, K. S. Panicker
21. ,, P. Govinda Menon
22. Rao Bahadur T. K. Nayar
23. Rao Sahib K. Ayyappan
24. Mr. C. R. Iyyunni
25. Rao Sahib A. Madhava Prabhu
26. Mr. Paul P. Mampilli
27. ,, K. S. Raghavan
28. ,, K. Govinda Menon

Noes

1. Mr. P. Kumaran Ezhuthassan

Mr. President : 28 for, 1 against, the demand is carried.

(2) 22. Miscellaneous—Cranganur

Demand put and carried

Mr. P. Govinda Menon *(Minister for Food and Education) :* I beg to move that an additional allotment of Rs. 110 may be granted to Government under "22—Miscellaneous—(Cranganur)".

Demand put and carried

(3) 32. Public Works

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: സർ, പബ്ലിക്ക വർക്സിനു് ഒ ഫ,ന ന,ന്ന ള ള ക. യുടെ ഒരു അടുത്തന അവതരിപ്പിക്കുവാൻ ഞാൻ സഭയുടെ അനുവാദം ആവശ്യപ്പെടുന്നു. സാമാന്യമായ ചില സംഗതികളും ഈ അവസരത്തിൽ സഭയുടെ മുമ്പാകെ വെക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഏതാനും കൊല്ലങ്ങളായി ഈ വകുപ്പിലെ വേലകളും കൊല്ലന്തോറും വഷ്ിച്ചുവരുകയാണു് ചെയ്യുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I make a suggestion, Sir. A was done by the Diwan President,—of course it is not objectionable-there was a suggestion almost amounting to a ruling that in making a demand under any particular head the Hon'ble Member representing Government and making the demand, need not make a speech. The President said the member can reserve his speech to proper cut motions.

Mr. President : Yes, it is left to the Hon'ble Minister.

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: അങ്ങിനെ ഒരു പ്രീസിഡൻറ് ഇവിടെയുണ്ടായിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: പ്രൊസീഡിംഗ്സിൽ ഉണ്ട്.

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ഈ വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ ഭാരം കൂടിക്കൂടി വരികയായിരുന്നു എന്നും ഉദ്യോഗസ്ഥന്മാരുടെ എണ്ണത്തിൻറെകൂടുതൽ ആവശ്യമായിരുന്നു എന്നും കാണിക്കുവാൻ രണ്ടുമൂന്നു കൊല്ലത്തെ ചിലവുകൾതന്നെ നോക്കിയാൽ മനസ്സിലാക്കാവുന്നതാണ്. ൧൯൩൦-ൽ ൪൯൯ ലക്ഷം ഉറുപ്പികയായിരുന്നതു് ൧൯൩൯-ൽ ൬൫൫ ലക്ഷം ഉറുപ്പികയായി കൂടി. ൧൯൪൬-ൽ ആകട്ടെ അതു ഒരു കോടി എട്ടലക്ഷമായിരുന്നു. ൧൯൪൬-ലെക്ക ഒരു കോടി അറപത്താറലക്ഷമായി കൂടിയിരിക്കുകയാണ്. ഇതിൽ നിന്നു എത്രമാത്രമാണ് വേല കൂടിയിരിക്കുന്നതെന്നും അതനുസരിച്ച് ഈ ഡിപ്പാർട്ട്മെണ്ടിലെ ഉദ്യോഗസ്ഥന്മാരുടെ ഭാരം എത്രമാത്രമാണ് കൂടിയിരിക്കുന്നതെന്നും ഉദ്യോഗസ്ഥന്മാരുടെ എണ്ണം കൂട്ടേണ്ട ആവശ്യകത എത്രത്തോളമാണ് കൂടിയിരിക്കുന്നതെന്നും ഒരു വിധം മനസ്സിലാക്കുവാൻ സാധിക്കും. ഞാൻഇതിലെ ഓരോ വിഭാഗത്തേയും പററി സ്വല്പം പറയുവാൻ ആഗ്രഹിക്കുന്നു.

റോഡുകൾ നമ്മുടെ രാജ്യത്തു് ഇൻഡ്യയിൽ വേറെ എങ്ങും ഇല്ലാത്തതിലധികമുണ്ട്. മററ രാജ്യങ്ങളിൽ ഇല്ലാത്തമാതിരി പബ്ലിക്കവർക്സ് റോഡുകൾ ഇവിടെയുണ്ട്. പബ്ലിക്ക വർക്സ് റോഡിൽ ഞാൻ തല്ക്കാലം പഞ്ചായത്തു റോഡുകൾ പെടുത്തുന്നില്ല. എൻറെ ആവശ്യത്തിനു അതിവിടെ എടുക്കേണ്ട ആവശ്യമില്ല. അടുത്ത രാജ്യമായ തിരുവിതാംകൂറിലുള്ളതിലും കൂടുതലായിട്ടാണ് ഇവിടെ റോഡുള്ളതു്. ഇതിനും പുറമെ നാം ഇപ്പോൾ വലിയറോഡുകളിൽ പലതും പണിതുടങ്ങീട്ടുണ്ട്.

Mr. V. R. Krishnan Ezhuthaean *(Oorakam):* Will the Hon'ble Minister give the figures as to the length of roads in Cochin.

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ഇവിടെയുള്ള പബ്ലിക്ക വർക്സ് റോഡുകളുടെ നീളം ൩൯൩ മൈൽവരും. ഇതിൽ ചില പഞ്ചായത്തു റോഡുകളും പെടും. ചില പഞ്ചായത്തിലെ റോഡുകൾ ആ പഞ്ചായത്തു വകുപ്പിനെക്കൊണ്ടു നടത്തുവാൻ നിവൃത്തിയില്ലാതെ വരുമ്പോൾ ആ റോഡുകൾ മെറൽ ചെയ്തു ശരിയാക്കേണ്ട ഭാരം പബ്ലിക്ക് വർക്സ് വകുപ്പു എടുക്കേണ്ടിവരും. ഇങ്ങിനെ ൧൯൩൦-ൽ ചിലപ്പോൾ റോഡുകൾ അടുത്തകാലത്തു എടുക്കേണ്ടിവന്നിട്ടുണ്ട്. ഇങ്ങിനെ ൩൯൩ മൈലോളം റോഡുകൾ ഇവിടെയുണ്ട്. തിരുവിതാംകൂറിലുള്ളതു് ൧൩൫ മൈൽ റോഡാണ്. കണക്കുകൂട്ടിനോക്കുമ്പോൾ ൫൦ സ്ക്വയർ മൈലിനു് ഒരു മൈൽ റോഡ് അവിടെയുണ്ട്. ഇവിടെ ൨൩൩ സ്ക്വയർ മൈലിനു ഒരു മൈൽ റോഡുണ്ട്. മദ്രാസിലേയും ബോംബെയിലേയും പഞ്ചാബിലേയും മററും കണക്കെടുത്തു നോക്കിയാൽ അവിടങ്ങളിലെല്ലാം നമ്മേക്കാൾ വളരെ പുറകിലാണ് കിടക്കുന്നതു്. ഇതൊന്നും ഇപ്പോഴത്തെമിനിസ്ട്രിയുടെ ശക്തികൊണ്ടു ഉണ്ടായതാണെന്നു അവകാശപ്പെടുന്നില്ല. ഈ ഡിപ്പാർട്ട്മെണ്ടിലെ ഉദ്യോഗസ്ഥന്മാർ എടുത്തിട്ടുള്ള ജോലിയുടെ വലിപ്പം കാണിക്കുവാൻവേണ്ടി പറയുകയാണു്; ജോലികൾക്ക ആളുകൾ അധികം കൂടിയിരിക്കുന്നതിൻറെ ആവശ്യം കാണിക്കുവാൻ പറയുകയാണു്. റോഡുകളെല്ലാം ജനങ്ങൾ ഉദ്ദേശിക്കുന്നതു വേഗത്തിൽ പണിതീർക്കുന്നുണ്ടോ എന്ന ഒരു ചോദ്യം വരും. അതിനുള്ള ചിലവിക്ഷമങ്ങൾസഭയെ ധരിപ്പിക്കേണ്ടതുണ്ട്. അകൂപിസിഷൻ നോട്ടീസ്സ് പൂറത്തായാൽ ആക്ഷേപങ്ങൾ വരും. റോഡിനു സ്ഥലമെടുക്കുവാൻ തീർച്ചയാക്കി അകൂപിസിഷൻ നൊട്ടിഫിക്കേഷൻ ഗസറിൽ വന്നുകഴിഞ്ഞാൽ പിന്നെ പലരും ആക്ഷേപങ്ങൾ കൊണ്ടുവരികയായി. ഈ ആക്ഷേപങ്ങളെല്ലാം അന്വേഷണങ്ങൾ നടത്തി സ്വീകരിക്കേണ്ടതെല്ലാം സ്വീകരിച്ചു തള്ളേണ്ടതെല്ലാം തള്ളി ഒരു തീരുമാനത്തിലെത്തുവാൻ കുറെ സമയം വേണ്ടിവരും. എത്ര നിഷ്കർഷിച്ചാലും ഇതെല്ലാം കഴിഞ്ഞതിനു ശേഷമേ റോഡുവർക്സ് എടുക്കുവാൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ ഒരു സംഗതി പറയാം. അതു ഈ സഭ ശരിക്കു ആലോചിക്കേണ്ടതാണു്. ഇപ്പോൾ ആരുടെ സ്ഥലമെടുക്കുന്നുവൊ അവർക്കു വളരെ തുച്ഛീകരമാകുന്ന നിലയിലുള്ള പ്രതിഫലം കിട്ടുന്നില്ല എന്നു പരാതി ഉയരുന്നുണ്ടു്. അതുകൊണ്ടു് ഈ കാര്യത്തിൽ നിലവിലുള്ള നിയമത്തിൽ വല്ല മാറ്റവും വരുത്തണമൊ എന്നുള്ളതു് ഈ സഭ ആലോചിക്കണം. ഇതു് ഒരു വലിയ പ്രയാസമായിരിക്കുന്നു. ബിൽഡിംഗ്സിന്റെ കാര്യത്തിലും സ്ഥലമെടുക്കുന്ന കാര്യത്തിലും എതിരു കൂടുതലായി വരുന്നതു് വിലയുടെ കാര്യത്തിലാണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: അയിത്തത്തിന്റെ കാര്യം കൊണ്ടു് എതിരില്ലെ?

റാവുസാഹിബു് കെ. അയ്യപ്പൻ: അയിത്തത്തിന്റെ കാര്യം പറഞ്ഞു റോഡുവളക്കുവാൻ പറഞ്ഞാൽ ഗവണ്മെണ്ടു് സമ്മതിക്കുകയില്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ടെണ്ടർ എക്സസ്സു് എന്നു ഒരു എസ്റ്റിമേറ്റിൽ കൊള്ളിക്കാറുണ്ടു്. അതുപോലെ സ്ഥലമെടുക്കുമ്പോൾ കൊടുക്കുന്നുണ്ടൊ; സ്ഥലം അക്വയർ ചെയ്താൽ പഴയവില അനുസരിച്ചാണൊ വിലകൊടുക്കുന്നതു്?

റാവുസാഹിബു് കെ. അയ്യപ്പൻ: ഇപ്പോഴത്തെ മാർക്കറ്റ് റേറ്റനുസരിച്ചാണു് വില കൊടുക്കുന്നതു്. വീടുകൾക്കാണെങ്കിൽ ഒന്നര ഇരട്ടിക്കുടി വില കൊടുക്കാം.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഈ വില കൊടുക്കുന്നതു് ഇപ്പോഴത്തെ റേറ്റ് വെച്ചാണൊ?

റാവുസാഹിബു് കെ. അയ്യപ്പൻ: ഷെഡ്യൂൾ റേറ്റ് വെച്ചാണു കണക്കാക്കുന്നതു്. റോഡ് ഇനത്തിൽതന്നെ വളരെ വേലകൾ വരുന്നുണ്ടു്. വലിയ റോഡുകൾക്കും പുറമെ ചെറിയ റോഡുകളും വളരെയുണ്ടു്. കെട്ടിടങ്ങളും വളരെ അധികം പണിയേണ്ടതായിട്ടുണ്ടു്. ഒരു വലിയ ബിൽഡിങ്ങ് പണി എടുത്തിരുന്നതു തീരാറായിരിക്കുന്നു. അതായതു ടി. ബി. സാനിട്ടോറിയം. അതുപോലെ മട്ടാഞ്ചേരി ടി. ബി. ക്ലിനിക്ക് പണിക്കു സ്ഥലം അക്വയർ ചെയ്തുകഴിഞ്ഞു.

മിസ്റ്റർ പി. നാരായണമേനോൻ: കഴിഞ്ഞ കൊല്ലം എത്ര ലാപ്സായിട്ടുണ്ടു്?

റാവുസാഹിബു് കെ. അയ്യപ്പൻ: അതു പിന്നിട് പറയാം.

മെക്കാനിക്കൽ വകുപ്പിൽ വാട്ടർവർക്സിന്റെ ആവശ്യം വളരെ വർദ്ധിച്ചിട്ടുണ്ടു്. ചെല്ലാനത്തേക്കു വലിയ പൈപ്പുകൾ ഇട്ടുവരുന്നു. പൈപ്പുലൈൻ നീട്ടുകയും ചെയ്യുന്നുണ്ടു്. അതുപോലെ മറ്റു തീരപ്രദേശങ്ങളിലും വെള്ളം കൊടുക്കുവാൻ തീർച്ചയാക്കിയിട്ടുണ്ടു്. ഇതിനെല്ലാം വളരെ വേലകൾ ആവശ്യമുണ്ടു്.

ഇനി എലക്ട്രിഫിക്കേഷനെപ്പറ്റി പറയാം. പെരിങ്ങൽകുത്തിൽ നിന്നു പവ്വർ കിട്ടുന്നതിനു മുമ്പുതന്നെ കഴിയുന്നിടത്തോളം ഗ്രാമങ്ങൾ എലക്ട്രിഫൈ ചെയ്യണമെന്നും ഗവണ്മെണ്ടു് നിശ്ചയിച്ചിരിക്കുന്നു. ഫസ്റ്റ് ഫൈവ് ഇയർ പ്ലാനിൽ തന്നെ പല സ്ഥലങ്ങളും എലക്ട്രിഫൈ ചെയ്യുവാൻ തീർച്ചയാക്കിയിട്ടുണ്ടു്. ഇപ്പോൾ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ സ്ഥലങ്ങൾ എലക്ട്രിഫൈ ചെയ്യുവാൻ സാധിക്കുമെന്നാണു് എക്സിക്യൂട്ടീവു് എഞ്ചിനീയർ പറയുന്നതു്. നമുക്കു പള്ളിവാസലിൽനിന്നു കിട്ടാവുന്ന പവ്വർ മുഴുവൻ കിട്ടുന്നില്ല. അവരുടെ പണി അഞ്ചാമത്തെ ഘട്ടത്തിലെത്തിയാൽ എഗ്രിമെന്റുപ്രകാരം മുഴുവൻ കിട്ടണം.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അഞ്ചാമത്തെ ഘട്ടം എപ്പോഴാകും?

റാവുസാഹിബു് കെ. അയ്യപ്പൻ: അടുത്താകുമെന്നു് അദ്ദേഹം പറയുന്നു. അദ്ദേഹത്തിന്റെ പ്രതീക്ഷ ഫലത്തിൽ വരുന്നതായിട്ടാണു് എന്റെ അനുഭവം.

പിന്നെ ലീഫ്ട്ട് ഇറിഗേഷൻ നടപ്പാക്കപ്പെടുന്നുണ്ടു്. പവ്വർ കൂടിവന്നുകഴിഞ്ഞാൽ വളരെ വേഗത്തിൽ അതു നടപ്പാക്കുവാൻ സാധിക്കും.

പാലം പണിയുന്നതിനു് ഒരു സ്കീം ഗവണ്മെണ്ടു് എടുത്തിട്ടുണ്ടു്. ഗവണ്മെണ്ടു് എടുത്തിരിക്കുന്നതു് ഒരു ആദായകരമായ ഒരു സ്കീമായിട്ടാണു വരുക. ഈ സ്കീമിനെപ്പറ്റി, ഞാൻ പറയാം. ഇപ്പോൾ ഡിപ്പാർട്ട്മെണ്ടിൽനിന്നെടുത്തിട്ടുള്ള കണക്കുപ്രകാരം ൩ ൦ ൦ എക്കറോളം അവിടെ റിക്ലെയിം ചെയ്യെടുക്കുവാൻ സാധിക്കും. റിക്ലെയിം ചെയ്യെടുക്കുന്ന സ്ഥലത്തിനു് ഒരേക്കറിനു ൫ ൦ ൦ കു.യാണു വില കണക്കാക്കിയിരിക്കുന്നതു്. പാലം വരുകയാണെങ്കിൽ ൫ ൦ ൦ കു.യിൽ കുറഞ്ഞ വിലക്കു് അവിടെ ഒരു സ്ഥലവും കിട്ടുകയില്ല. ഇപ്പോൾ ഉദ്ദേശിച്ചിരിക്കുന്ന ൫ ൦ ൦ കു. റേറ്റ് വെച്ചു് ആ സ്ഥലം വില്ക്കുന്നതായാൽതന്നെ ഈ പാലം പണിയുന്ന സംഖ്യ അതിൽനിന്നു കിട്ടും. എന്റെ പ്രതീക്ഷ അതല്ല. ൫ ൦ കൊല്ലം

LIBRARY ARCHIVES Kerala Legislative Assembly

[Rao Sahib K. Ayyappan.]

കൊണ്ടു ഗവൺമെണ്ടിൽനിന്നും തീക്കുവാനുള്ള പാലമെല്ലാം പണിയുന്നതിനു് ഇതു് അവിടെ നിന്നു കിട്ടുമെന്നാണു പ്രതീക്ഷ. വേറെ ഒരു സംഗതി ഈ സഭയെ അറിയിക്കുവാനുണ്ടു്. ഇനി പാലം പണിയണമെന്നാവശ്യപ്പെട്ടാൽ ഫണ്ടില്ലെന്നു പറയുവാൻ ഗവൺമെണ്ടു് ഉദ്ദേശിക്കുന്നില്ല. (ഹിയർ, ഹിയർ) ഇപ്പോൾ പാലം പണിയുവാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിലെല്ലാം കടത്തുണ്ടു്. കൊച്ചി ഗവൺമെണ്ടു് ഈ കടത്തിൽനിന്നെല്ലാം കടത്തുകാശു പിരിക്കുന്നുണ്ടു്. അതുകൊണ്ടു പാലം പണിയുന്നതിനു ഗവൺമെണ്ടെടുക്കുന്ന ലോണിന്റെ പലിശ കൊടുക്കുന്നതിനും ലോൺ ക്രമേണ അടച്ചുതീർക്കുന്നതിനും വേണ്ടി ഒരു ക്ലിപ്തകാലത്തേക്കു പാലത്തിൽക്കൂടി നടക്കുന്നവരിൽനിന്നും കടത്തുകാശും വാഹനങ്ങൾക്കു ടോളും പിരിക്കാനാണുദ്ദേശിക്കുന്നതു്. അപകടകരമായ കായലിൽക്കൂടി വഞ്ചിക്കും മറ്റും പോകുന്നതിനു കടത്തുകാശു കൊടുക്കുന്ന ആളുകൾ ഈ കടത്തുകാശു് അല്ലെങ്കിൽ നടപ്പുകാശു വഹിക്കാൻ വിസമ്മതിച്ചുവെന്നുവരില്ല. പാലത്തിനടുത്തു സ്ഥലങ്ങൾ റിക്വെയിംചെയ്തു വില്ക്കാനും ഉദ്ദേശമുണ്ടു്. ഈ പദ്ധതിപ്രകാരം ൧൦ കൊല്ലംകൊണ്ടു് കൊച്ചിരാജ്യത്തെ പ്രധാനസ്ഥലങ്ങളിലെല്ലാം പാലങ്ങൾ കെട്ടാമെന്നാണു പ്രതീക്ഷ.

മിസ്റ്റർ പറമ്പി ലോനപ്പൻ : ആളുകൾ നടന്നുപോകുന്നതിനു് ഒരു ടാക്സു് പിരിക്കണമെന്നാണോ പറയുന്നതു്?

റാവുസാഹിബു് കെ. അയ്യപ്പൻ : അല്ലെന്നുണ്ടെങ്കിൽ ഒരു പാലം പണിതുകഴിഞ്ഞാൽ ൧൦ കൊല്ലത്തേക്കു വേറെ ഒരു പാലം പണിയുവാൻ പണമില്ലെന്നു മറുപടി പറയേണ്ടിവരും. ഒരു ലോൺ റെയിസു ചെയ്തു് ആ ലോണിന്റെ പലിശയും ക്രമേണ ലോണും ക്ലിപ്തകാലംകൊണ്ടു് അടച്ചുതീർക്കാവുന്ന തരത്തിലുള്ള ഈ പദ്ധതി നടത്തുകയാണെങ്കിൽ കൊച്ചിരാജ്യത്തു തീച്ചയായും എല്ലായിടത്തും പാലങ്ങളുണ്ടാക്കാം. പാലത്തിൽക്കൂടി നടക്കുന്നതിനു കാശു കൊടുക്കണമെന്നേയുള്ളു. പിന്നെ ഒരു പരാതി പറഞ്ഞതു കാശു് എല്ലായ്പോഴും കൊടുക്കണമോ എന്നുള്ളതിനെക്കുറിച്ചാണു്.

മിസ്റ്റർ പറമ്പി ലോനപ്പൻ : റോഡിൽക്കൂടി നടന്നുപോകുന്നതിനു് ഏതെങ്കിലും രാജ്യത്തു കാശു വാങ്ങുന്നുണ്ടോ?

റാവുസാഹിബു് കെ അയ്യപ്പൻ : അതു പാലം വരുമ്പോൾ മതിയല്ലൊ.

മിസിസ്സു് ടി. ഫ്രാൻസിസ്സു് : എങ്ങിനെയായാലും പാലം പണി തുടങ്ങിയാൽ മതി.

റാവുസാഹിബു് കെ. അയ്യപ്പൻ : ഇനി കടലോരപ്രദേശങ്ങളിലെ കടലാക്രമണത്തെപ്പറ്റി പലതും പറയാനുണ്ടു്. ഇതു വളരെ കാലം മുമ്പെ തുടങ്ങിയതാണു്. നമ്മുടെ ഗവൺമെണ്ടു അതിനു പരിഹാരത്തിനുള്ള പദ്ധതി സ്വീകരിച്ചതു് അടുത്തകാലത്തു മാത്രമാണു്. വളരെ സ്ഥലങ്ങൾ കടലെടുത്തുപോയി. അവിടെ ചെന്നു നോക്കുകയാണെങ്കിൽ സങ്കടം വരും. എത്ര സങ്കടപ്പെട്ടുകഴിഞ്ഞാലും അതുകൊണ്ടു പ്രയോജനമില്ല. അവിടെ കല്ലിട്ടുകെട്ടാതെ നിവൃത്തിയില്ല. ഒന്നരണ്ടു കൊല്ലം കഴിഞ്ഞാൽ ഈ പ്രദേശങ്ങളെല്ലാം രക്ഷിക്കുവാൻ സാധിക്കും. ഇപ്പോൾ പകുതി പണിയായിട്ടുണ്ടു്. ഇനി പകുതിയുടെ കായ്മേയുള്ളു. എവിടെ എവിടെയെല്ലാമാണു് പണി ആദ്യമാദ്യം നടത്തേണ്ടതു് എന്നതു ഡിപ്പാർട്ടുമെണ്ടു തീച്ചയാക്കേണ്ടതാണു്. ഈ കായ്ക്കളിൽ വിദഗ്ധന്മാരുടെ അഭിപ്രായമേ സ്വീകരിപ്പാൻ തരമുള്ളു. ആകുന്ന വേഗത്തിൽ പണി നടത്തിക്കുന്നതിനു ശ്രമിക്കുന്നതാണു്. കൊട്ടങ്ങല്ലൂരിലും കടലാക്രമണം തുടങ്ങി. അവിടേയും ഗ്രോയിൻസു ഇടുന്നുണ്ടു്.

മിസ്റ്റർ പി. എ. മുഹമ്മദ്അഷ്റഫ് : അടുത്തുതന്നെ ആകുമോ?

റാവുസാഹിബു് കെ. അയ്യപ്പൻ : കൊട്ടങ്ങല്ലൂർ ബഡ്ഡറിൽ പണം ഇല്ലെങ്കിലും ഈ പണി നിൽക്കുന്നില്ല.

പിന്നെ ഇറിഗേഷൻവകുപ്പിനെപ്പറ്റിയാണു പറയുവാനുള്ളതു്. ഇറിഗേഷൻ എല്ലാകൊണ്ടു നടത്തുന്നില്ലെന്നു ചോദിക്കുന്നുണ്ടു്. പല ചെറിയ ഇറിഗേഷൻവക്കുകളും ഇപ്പോൾതന്നെ നടക്കുന്നുണ്ടു്. മേജർഇറിഗേഷനും നടത്തുന്നതാണു്. ഇവിടെ ഉണ്ടാക്കീട്ടുള്ള പദ്ധതികളിൽ ഏറ്റവും നല്ലതെന്നും ഏറ്റവും വലിയതെന്നും പറയുന്ന പീച്ചിസ്കീം എടുക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

ഗവമ്മെണ്ട് തീച്ച്യാക്കീട്ടണ്ട്. അതു് ഈ കൊല്ലത്തിൽതന്നെ എടുക്കുമെന്നാണ് എനിക്ക് ഉറപ്പു പറയുവാനുള്ളതു്. ഡ്രെയിനേജിനും ഗതാഗതത്തിനുമുള്ള ഒരു പ്രധാനപ്പെട്ടതിയായ തുപ്പൂണിത്തുറ തോടിന്റെ അകപിസിഷൻ നടന്നുകൊണ്ടിരിക്കുകയാണ്. അതും വരുന്ന കൊല്ലത്തിൽ നടത്തും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഏതു തോടാണ് ?

റാവുസാഹിബ് കെ. അയ്യപ്പൻ : തുപ്പൂണിത്തുറ തോട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : തീണ്ടലിന്റെ പേരിൽ വളച്ചു തോടാണോ ?

റാവുസാഹിബ് കെ. അയ്യപ്പൻ : ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെയല്ല സ്ഥിതി. അവിടെ ഒരു പ്രിൻസസ്സ് ക്ലബ്ബുണ്ട്. ആ ക്ലബ്ബിന്റെ സൌകര്യത്തിനു വേണ്ടി അലൈൻമെന്റു സ്വല്പം മാറിയിട്ടുണ്ട്. അവിടെ തീണ്ടലൊന്നുമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : തീണ്ടൽസംരക്ഷണത്തിന്നല്ലേ തുപ്പൂണിത്തുറ റോഡും വളച്ചുണ്ടാക്കിയതു് ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഈ ഡിപ്പാർട്ടുമെണ്ടിനു ഒരു വലിയഗുണവും ഒരു വലിയ ദോഷവുമുണ്ട്. അതായതു വല്ലതും ചെയ്താൽ എല്ലാവരും കാണും. ചെയ്തില്ലെങ്കിലും കാണും. ഇപ്പോഴും ചില റോഡുകൾ മോശമായികാണുന്നുണ്ട്. ഒരു റോഡിൽ ഒരിക്കൽ മെയിൻറനൻസുപണി കഴിഞ്ഞാൽ പിന്നെ മൂന്നാംകൊല്ലത്തിലാണ് അവിടെ മെയിൻറനൻസുപണി വരുന്നതു്. റോഡുകൾ നമുക്ക് അധികമായതുകൊണ്ടു ആ റോഡുകളൊക്കെ നന്നാക്കേണ്ട പ്രയാസം കൂടുതലായിരിക്കുന്നു. ടെണ്ടർ എക്സസ് വളരെ കൂടിയതുകൊണ്ട് പലറോഡുകൾക്കുകൂടിയുള്ള മെയിൻറനൻസു സംഖ്യ ഏതാനും റോഡുകൾക്കായി മാത്രം എടുക്കേണ്ടിവന്നു. മിഥുനം മുതൽ വൃശ്ചികംവരെയാണ് സാധാരണ മെയിൻറനൻസ്പതിവു്. നിങ്ങൾക്കു പബ്ലിക്കു റോഡുകളുടെയെല്ലാം ഒരുഭാഗത്തു കല്ലുകൊണ്ടുവന്നുകൂട്ടിയിരിക്കുന്നതായികാണാം. വരുന്നകൊല്ലത്തിൽ മെയിൻറനൻസിന്നു ടെണ്ടർ എക്സസിൽ കൂടുതൽ സംഖ്യ കൊള്ളിച്ചിട്ടുണ്ട്. ഈ നിയമസഭയിൽ ഇതിനുമുമ്പുതന്നെ പറഞ്ഞപല ആക്ഷേപങ്ങളും പരിഹരിക്കുവാനായിട്ടു കഴിയുന്നതെല്ലാം ശ്രമിക്കാം. റോഡുകളിലെ ചില്ലറകേടുകൾ അപ്പോഴപ്പോൾ 'തീർക്കുവാൻവേണ്ടി ഗാംഗ് സിസ്റ്റം നടപ്പാക്കീട്ടുണ്ട്. അതുകൊണ്ട് എവിടെയെങ്കിലും കഴിയൊ മറെറാ ഉണ്ടായാൽ ഉടനെ അവർപോയി ആ കേടു തീർക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: റോഡിന്റെ വളവുതീർക്കുമൊ?

റാവുസാഹിബ് കെ. അയ്യപ്പൻ: ക്രമേണ റോഡുകളുടെ വളവുതീർക്കുവാൻ ശ്രമിക്കുന്നുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വളവുതീർക്കുവാൻ ശ്രമിക്കുന്നുണ്ടെങ്കിൽ പുതിയതായിട്ടു ഉണ്ടാക്കുന്ന റോഡിനു വളവുണ്ടാക്കുന്നതു് എന്തിനാണ് ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഇവിടത്തെ റോഡിന്റെ വളവിനെപ്പററിയും വീതികുറവിനെപ്പററിയുമുള്ള തെററിദ്ധാരണ ഒഴിഞ്ഞ തരിശുഭൂമികളിൽകൂടി റോഡു വെട്ടുന്നവരുടെ ആദർശത്തെ തുടരുന്നതുകൊണ്ടുവരുന്നതാണ്. അങ്ങിനെയുള്ളതല്ല നമ്മുടെ രാജ്യത്തെ സ്ഥിതി.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ധൈര്യമില്ലാഞ്ഞിട്ടാണ്.

റാവുസാഹിബ് കെ. അയ്യപ്പൻ: ഡിപ്പാർട്ടുമെണ്ടു് കഴിയുന്നതും ജനങ്ങൾക്കു ഉപദ്രവമില്ലാത്തമാതിരിയുള്ള ഒരു നയം എടുക്കുന്നതാണ് ഇവിടെ റോഡുകൾക്കു വളവുകൂടാനുള്ള ഒരു കാരണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വീടുകളില്ലാത്ത സ്ഥലത്തുറോഡിനു വീതികുറവുണ്ടല്ലൊ.

റാവുസാഹിബ് കെ. അയ്യപ്പൻ: ചില സ്ഥലങ്ങളിലെല്ലാമുണ്ടാകാം. അവിടെമാത്രം വീതികൂട്ടുന്നതുകൊണ്ടു ഫലമില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: അറിയാതെകണ്ടു് വളഞ്ഞുപോയിട്ടുള്ളതാണൊ തുപ്പൂണിത്തുറ റോഡ് ?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ആദ്യത്തെ അലൈൻമെണ്ടിൽനിന്നു സ്വല്പം മാറ്റമാ റിയിട്ടുണ്ട്. ഇതുയും സംഗതികളാണ് എനിക്കു ഈ സഭയെ ധരിപ്പിക്കുവാനുണ്ടായിരുന്ന തു്. ഇവിടെയെല്ലാം വളരെ ഭംഗിയായി കാര്യങ്ങൾ നടത്തിയെന്നു അവകാശപ്പെടുവാൻ ഞാ നും തയ്യാറാകുന്നില്ല. ഈ സഭയുടെ ആക്ഷേപങ്ങളെല്ലാംകേട്ട്, നിർദ്ദേശമെല്ലാംകേട്ട്, ശ കാരങ്ങളെല്ലാംകേട്ട് അതെല്ലാം സഹായമായിതന്നെ കരുതി അതിൽനിന്നു കിട്ടുന്ന ഉപദേശ ങ്ങൾവെച്ചു് കൂടുതൽ വേഗതയിൽ, കൂടുതൽ കാര്യക്ഷമതയിൽ, കൂടുതൽ പ്രയോജനകരമാ യ വിധത്തിൽ, ഡിപ്പാർട്ട്മെണ്ടിന്റെ വേലകൾ നടത്തുവാൻ ശ്രമിക്കാമെന്നുമാത്രമേ എനി ക്കു അവസാനമായി പറയുവാനുള്ളൂ. നിങ്ങളുടെ എല്ലാവരുടേയും സഹകരണത്തെ പ്രതീക്ഷി ച്ചുകൊണ്ടു് ഞാൻ ഈ ഏ ഫ, നമ്പ, ന്നു ള ഉ ക. മാത്രമുള്ള ഈ ചെറിയ ഡിമാൻഡിനുള്ള അഭ്യർത്ഥന സഭാമുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: മേജർ ഇറിഗേഷനിൽനിന്നു കിട്ടുന്ന ബെനിഫി റ്റ്സും മൈനർ ഇറിഗേഷനിൽനിന്നുകിട്ടുന്ന ബെനിഫിറ്റ്സും ഗവമ്മെണ്ടു താരതമ്യപ്പെ ടുത്തിനോക്കീട്ടുണ്ടൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ഇല്ല.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: കമ്പയർചെയ്യനോക്കാമോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: നോക്കാം.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: മേജർ ഇറിഗേഷനു് കാത്തുനില്ക്കുന്നതിനുമുമ്പാ യി മൈനർ ഇറിഗേഷൻ വർദ്ധിപ്പിച്ചാൽ നല്ല ഫലമുണ്ടാകുമെങ്കിൽ അതിനുള്ള വല്ല പ്ലാ നും ഉണ്ടാക്കീട്ടുണ്ടൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: മൈനർ ഇറിഗേഷൻസ് ഇപ്പോൾ നടത്തുന്നുണ്ട്. അതുകൊണ്ടുമാത്രം പോരാ.

മിസ്റ്റർ പി. നാരായണമേനോൻ: ഫ ഫ ഠ-ലെ ബഡ്ഡറിൽ എത്ര ലാപ്സ്സായി പോകുമെന്നൊന്നു പറഞ്ഞില്ലല്ലൊ.

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ലാപ്സ്സായിപോകുന്ന എന്നൊരുധാരണ കടന്നു കൂടീട്ടുണ്ട്. ചിലപ്രധാനപ്പെട്ട വർക്കുകൾ അതായതു് പാണ്ടിക്കാടി ചെല്ലാനം റോഡ്, കുഴപ്പാടം റോഡ് ഇവയെല്ലാം ഒഴിച്ചുകൂടാത്ത ചില കാരണങ്ങളാൽ എടുക്കുവാൻ സാധി ച്ചിട്ടില്ല. മിക്കവാറും വർക്കുകൾ നടന്നിട്ടുണ്ട്.

Cut Motion No. 1

Mr. K. S. Panicker *(Ezhuvas-Trichur)*: "To reduce the allotment of Rs. 18,596 for A. Direction—Permanent Establishment of the Chief Engineer in Demand No. 32 by Re. 1 (പൊതുമരാമത്തുവകുപ്പിലെ സെക്ഷൻ സൂപ്രണ്ടുമാരുടെ ശമ്പളം കിട്ടുന്നതിൽ കണ്ടുവരു ന്ന കാലതാമസംമൂലം അവർ അനുഭവിക്കുന്ന സങ്കടങ്ങളും കഷ്ടപ്പാടുകളും ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും കാലവിളംബംകൂടാതെ അവർക്കു ശമ്പളം കിട്ടുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നല്കുന്നതിനും)" വേണ്ടിയാണ് ഈ ഖണ്ഡനോപക്ഷേപം ഞാൻ അവതരി പ്പിക്കുന്നതു്.

ഒരു എക്സിക്യൂട്ടീവ് എഞ്ചിനിയരുടെ കീഴിൽ പല അസിസ്റ്റണ്ട് എഞ്ചിനിയർമാരും, അസിസ്റ്റണ്ട് എഞ്ചിനിയർമാരുടെ കീഴിൽ പല സൂപ്രവൈസർമാരും, ഓരോ സൂപ്രവൈ സർമാരുടേയും കീഴിൽ പല സെക്ഷൻ സൂപ്രണ്ടുമാരും ഉണ്ടാകും. ഏതെങ്കിലും ഒരു സെ ക്ഷൻസൂപ്രണ്ടിന്റെ Absentee statement കിട്ടാതെയിരുന്നാൽ ആ എക്സിക്യൂട്ടീവ് എ ഞ്ചിനിയർമാരുടെ കീഴിലുള്ള ഒരു സെക്ഷൻ സൂപ്രണ്ടിനും, Absentees statement അയ ക്കാത്ത സെക്ഷൻസൂപ്രണ്ടിന്റെ Absentee statement എക്സിക്യൂട്ടീവ് എഞ്ചിനിയക്കു കിട്ടു ന്നതുവരെ മറ്റുള്ളവരുടെ ശമ്പളം കിട്ടുന്നില്ല. ഇപ്പോൾ പഞ്ചായത്തുഡിപ്പാർട്ട്മെണ്ടിലെ സൂപ്രണ്ടുമാർ പഞ്ചായത്തു ഓവർസിയരുടെ establishment-ൽ ആകയാൽ അവരുടെ ശമ്പ ളം മാസം തികഞ്ഞാൽ പിന്നത്തെമാസം ആദ്യത്തെ വാരത്തിൽതന്നെ കിട്ടിയിരുന്നു. മരാ മത്തുവകുപ്പിലെ സെക്ഷൻ സൂപ്രണ്ടുമാർ ആദ്യകാലത്തു് ചീഫ് എഞ്ചിനീയരുടെ എസ്റ്റാ ബ്ലിഷ്മെണ്ടിലായിരുന്നു. ആ കാലത്തു സെക്ഷൻസൂപ്രണ്ടുമാക്കു മാസംതികഞ്ഞാൽ കാ ലതാമസംകൂടാതെ ശമ്പളം കിട്ടിയിരുന്നു. ആ ഏർപ്പാടനുസരിച്ചായിരുന്നെങ്കിൽ ഓ വർസിയർമാരൊഴികെ ബാക്കിയുള്ളവക്കു് ശമ്പളം വേഗം കിട്ടാൻ സാധിക്കും. ഇന്ന ത്തെ ഈ ഏർപ്പാടു് ഏറ്റവും പ്രയാസംകൂടിയ ഒന്നാണു്. ഇതിനു് ഒരു പരിഹാരം ഉണ്ടാ കത്തക്കവിധത്തിൽ ഒരേർപ്പാടു ചെയ്യേണ്ടതാണു്. പണിയെടുത്തു രണ്ടും മൂന്നും മാസമായി

LIBRARY ARCHIVES Kerala Legislative Assembly

ട്ടും ശമ്പളംകിട്ടാതെ ഹോട്ടലിൽ പണം കൊടുക്കാനില്ലാതെ കടത്തിൽപെട്ട നരകയാതന അനുഭവിക്കുന്ന ഇവരുടെ കഷ്ടപ്പാടിനെപ്പറ്റി ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയും ഈ നിയമസഭയുടെ അംഗീകരണത്തിനായിട്ടും ഞാൻ ഈ ഖണ്ഡനോപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

റിവ്യൂസാഹിബ്ബ് കെ. അയ്യപ്പൻ: ഇങ്ങിനെ അവക്ക് ശമ്പളം സമയത്തിനു കിട്ടുന്നില്ലെന്നുള്ള വിവരം ഒപ്പ് ഒന്നും ഇല്ലാത്ത ഒരു കത്തുമൂലം മാത്രമേ അറിയുവാൻ ഇടയായിട്ടുള്ളൂ. ഏതായാലും അതിനെ സംബന്ധിച്ച് വേണ്ടതുചെയ്യാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ബഹുമാനപ്പെട്ട മന്ത്രി ഇതിനെപ്പറ്റിഅന്വേഷിച്ച് വേണ്ടതുചെയ്യാമെന്ന് ഉറപ്പ് പറഞ്ഞതനുസരിച്ചു ഞാൻ ഇതു press ചെയ്യുന്നില്ല. നിയമസഭയുടെ അനുമതിയോടുകൂടി ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

Point of Order

Mr. P. Kumaran Ezhuthassan *(Vadakkancheri):* I rise on a point of order and seek to know how Cut Motion No. 58 to urge the Government that the number of Executive Engineers be reduced, came to be the very last. I had sent up the cut motion under an appropriate, tenable head of expenditure and on that ground it ought to have had precedence over other cut motions.

Mr. President: When these cut motions are received in the office, as I explained yesterday or day before yesterday, these are scrutinised and arranged under appropriate heads. I think it but fair that the Members presume that these cut motions are arranged under appropriate heads. Now, with regard to this particular cut motion, the Hon'ble Member's suggestion is that it should have come earlier. This very point the suggestion coming from him on that point, was considered when this cut motion was examined, and it was put under the total, because it was found that executive engineers and there are very many Executive Engineers in different sections of the Public Works Department and therefore, it should necessarily come under the total. For that reason, I ordered that it should be under the total.

Mr. P. Kumaran Ezhuthassan *(Vadakkancheri):* I stand enlightened, Sir.

Cut Motion No. 2

മിസ്റ്റർ കെ. ഐ. വേലായുധൻ: "To reduce the allotment of Rs. 53,429 for Public Works in Demand No. 32 (A) by Re. 1. (To discuss the urgent necessity of expediting building constructions for low-paid Government employees for rent in town areas)".

ബഹുമാനപ്പെട്ട പൊതുമരാമത്തു മന്ത്രിയുടെ പ്രസംഗത്തിൽനിന്നും ഈ വകുപ്പിൽ വളരെയധികം വിപുലങ്ങളായ നടപടികൾ നടത്താമെന്നു പറഞ്ഞതുകൊണ്ട് ഈ ഖണ്ഡനോപക്ഷേപത്തിൽ അടങ്ങിയിട്ടുള്ള കാര്യത്തെ ആലോചിക്കുന്നതായിരിക്കുമെന്നു മനസ്സിലായി. പക്ഷെ അദ്ദേഹംതന്നെ വളരെ സവിസ്താരമായി പറഞ്ഞ ആ സംഗതികളെല്ലാം ഉടനെ പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ ശ്രമിക്കേണ്ടതായിട്ടുണ്ട്. ഇന്നു കൊച്ചീരാജ്യത്തിൽ വീട്ടുവാടകയെ സംബന്ധിച്ചുള്ള നിയമങ്ങളെല്ലാമുണ്ടെങ്കിലും, വീടു കിട്ടാതെ, താമസിക്കുവാൻ വീടില്ലാതെ, ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ, വളരെയധികം ദുരിതങ്ങളാണ് അവർ അനുഭവിച്ചുകൊണ്ടിരിക്കുന്നതു. വിശേഷിച്ചു ൨൫ ക. മുതൽ ൪൦ ക. വരേയും, ൪൦ ക. മുതൽ ൬൦ ക. വരേയും ശമ്പളം വാങ്ങിക്കുന്ന ഉദ്യോഗസ്ഥന്മാരും മറ്റു കീഴ്ജീവനക്കാരും ശമ്പളത്തിനൊത്തവിധത്തിൽ വീടു വാടകയ്ക്കു കിട്ടാതെ ഏറ്റവും അധികം കഷ്ടമനുഭവിച്ചുവരുന്നുണ്ട്. വിശിഷ്യാ ടൌൺ പ്രദേശങ്ങളിൽ കൂടുതൽ കഷ്ടമനുഭവിക്കേണ്ടതായിട്ടാണ് വന്നിരിക്കുന്നതെന്നു ഞാൻ പറയാതെതന്നെ നിങ്ങൾക്കു അറിയാവുന്ന ഒരു സംഗതിയാണ്. കാരണം ഇന്നു ടൌണിൽ ഒരു സ്ഥലം മുങ്ങിയ വാടകയ്ക്കു കിട്ടുവാൻ കീഴ്ജീവനക്കാക്ക് ഒരിക്കലും സാദ്ധ്യമല്ല. അവർക്കു കിട്ടുന്ന തുച്ഛമായ ശമ്പളംകൊണ്ടു വലിയ ഒരു കുടുംബത്തെ സംരക്ഷിച്ചുകൊണ്ടുപോകാനും, ബാക്കിയുള്ള സകല സാധനങ്ങളും വാങ്ങി അവരവരുടേയും വലിയ കുടുംബത്തിന്റേയും ചിലവു കഴിച്ചുകൂട്ടിപ്പോകാനും ഒരിക്കലും സാദ്ധ്യമല്ല. ആ സ്ഥിതിക്ക് എത്രയും തുച്ഛമായിട്ടുള്ള ഒരു ശമ്പളംകൊണ്ട് ഒരു വീടെടുത്തു ടൌണിൽ താമസിക്കുവാൻ സാധിക്കുകയില്ലെന്നു നമുക്കാലോചിച്ചാൽ അറിയാവുന്നതാണ്. ഇന്നു് ഏതു് ആ ഫീസുകളിൽ പോയി നോക്കിയാലും വളരെയധികം ക്ലാർക്കുമാരും ശിപായിമാരും ആഫീസുകളിൽതന്നെയാണു താമസിക്കുന്നതെന്നു കാണാൻ സാധിക്കും. ആഫീസുകളിൽ താമസിക്കാൻ പാടില്ലെന്നു ഗവ

LIBRARY ARCHIVES Kerala Legislative Assembly